തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ പദ്ധതി

88 [2588] ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ നിയോജക മണ്ഡലത്തിന്റെയും തീരദേശമേഖലയുടെയും സമഗ്ര വികസനത്തിനുതകുന്ന തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ പദ്ധതി യുദ്ധകാലാടി സ്ഥാനത്തിൽ പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾ ഫലപ്രദമായി വിലയിരുത്തുന്നതിനും ആക്കം കൂട്ടുന്നതിനും വേണ്ടി ജനപ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ഗവേണിംഗ് കമ്മിറ്റി രൂപീകരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്വീകരിക്കുന്നതാണ്.

(ബി) പരിഗണിക്കാവുന്ന നിർദ്ദേശമാണ്.

ടേബിൾ ടെന്നീസിന് സ്പോർട്ട്സ് അക്കാഡമി തുടങ്ങുവാൻ നടപടി

89 [2592] ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ 4 പ്രധാന ജില്ലകൾ തെരഞ്ഞെടുത്ത് ടേബിൾ ടെന്നീസിന് സ്പോർട്ട്സ് അക്കാഡമി തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ടേബിൾ ടെന്നീസിൽ കേരളത്തിന് എത്ര കോച്ചുകൾ ഉണ്ട്; ആരൊക്കെ; ഇവർ കഴിഞ്ഞ 5 വർഷങ്ങളായി എവിടെയാക്കെ ജോലിചെയ്യുന്നു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള കോച്ചുകൾ എല്ലാ ജില്ലകളിലും പരിശീലനം നൽകാൻ മതിയാകുമോ;

(ഡി) ഇല്ലെങ്കിൽ പുതിയ കോച്ചുകളെ സംസ്ഥാനത്തിന് വെളിയിൽ നിന്ന് കൊണ്ടുവന്ന് കോച്ചിംഗ് കൊടുക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) കഴിഞ്ഞ 3 വർഷങ്ങളായി ടേബിൾ ടെന്നീസിൽ കേരളത്തിന്റെ നേട്ടങ്ങൾ എന്തൊക്കെയാണ്; സ്കൂൾ തലത്തിലും കോളേജ് തലത്തിലും സീനിയർ തലത്തിലും വിവരിക്കുമോ;

(എഫ്) ഇനിവരുന്ന നാഷണൽ ഗെയിംസിൽ പങ്കെടുക്കാൻ കേരള പുരുഷ, വനിതാ ടീമുകൾക്ക് സാധിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഇക്കഴിഞ്ഞ 2005 ജനുവരിയിൽ ബോംബെ പനവേലിൽ വെച്ചുനടന്ന സീനിയർ നാഷണൽ ടേബിൾ ടെന്നീസിൽ കേരള പുരുഷ, വനിതാ ടീമുകളുടെ പ്രകടനം എന്തായിരുന്നു;

(എച്ച്) ഈ ടീമുകൾ ഏത് സ്ഥാനം വരെ എത്തി;

(ഐ) ഈ ടീമുകളിൽ ആരൊക്കെയാണ് പങ്കെടുത്തത്; പേരുകൾ സഹിതം വ്യക്തമാക്കുമോ;

(ജെ) ഇതിൽ സ്പോർട്ട്സ് കൗൺസിലിന്റെ കോച്ചായി ആരാണ് പോയത്;

(കെ) ഇതിലെ ലേഡീ മാനേജർ, ടീം മാനേജർ ആരൊക്കെയായിരുന്നു; വിവരിക്കുമോ?

ഉത്തരം

(എ) ടേബിൾ ടെന്നീസിന് മാത്രമായി ഒരു അക്കാഡമി എന്ന ആശയം പ്രായോഗികമല്ല.

(ബി) ടേബിൾ ടെന്നീസിന് സ്പോർട്ടസ് കൗൺസിലിൽ നിലവിൽ രണ്ട് പരിശീലകരുണ്ട്.

1. ശ്രീ. ഏലിയാസ് തോമസ്
2. ,, തേജേഷ് കുമാർ ദത്ത.

കഴിഞ്ഞ 5 വർഷമായി ഇവർ കോട്ടയം, കണ്ണൂർ, കോഴിക്കോട്, പത്തനംതിട്ട, തിരുവനന്തപുരം എന്നീ ജില്ലകളിൽ ജോലി നോക്കുന്നുണ്ട്.

(സി) മതിയാകില്ല.

(ഡി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(ഇ) കഴിഞ്ഞ 3 വർഷമായി കേരളത്തിന്റെ സീനിയർ പുരുഷ വനിതാ ടീമുകൾക്ക് നാഷണലിൽ 5 മുതൽ 16 വരെ സ്ഥാനങ്ങൽ ലഭ്യമായിട്ടുണ്ട്. സ്കൂൾ തലത്തിലേയും കോളേജ് തലത്തിലേയും വിവരം ശേഖരിച്ചുവരുന്നു.

(എഫ്) ഈ വർഷം (2004)-ൽ കേരളത്തിന്റെ വനിതാ ടീമിന് 5-ാം സ്ഥാനം നേടാൻ കഴിഞ്ഞിട്ടുണ്ട്. നാഷണൽ ഗെയിംസിന്റെ നിയമം അനുസരിച്ച് കഴിഞ്ഞ നാഷണൽ മത്സരങ്ങളിൽ ആദ്യത്തെ 8-ാം സ്ഥാനം വരെ വരുന്ന ടീമുകൾക്ക് അടുത്ത നാഷണൽ ഗെയിംസിൽ പങ്കെടുക്കാൻ യോഗ്യത ലഭിക്കുന്നതാണ്. അതാത് ഫെഡറേഷനുകളാണ് യോഗ്യത നേടുന്ന ടീം അംഗങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നത്.

(ജി) പ്രകടനം ശരാശരി നിലവാരം മാത്രമേ പുലർത്തിയിരുന്നുള്ളൂ.

(എച്ച്) പുരുഷ ടീം 15-ാം സ്ഥാനവും വനിതാ ടീം 5-ാം സ്ഥാനവും നേടുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ജെ) കേരളാ സ്പോർട്ട്സ് കൗൺസിലിന്റെ കോച്ചിനെ അയച്ചിരുന്നില്ല.

(കെ) ഇതിന്റെ ലേഡീ മാനേജർ ലീന, എ.-യും, ടീം മാനേജർ ജെയ്സ് സ്റ്റീഫനുമുണ്ടായിരുന്നു.

തിരുവനന്തപുരത്തുവച്ച് നടന്ന നാഷണൽ വനിതാ കായികമേള

90 [2593] ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻപ്രധാനമന്ത്രി ഇന്ദിരാഗാന്ധിയാണോ നാഷണൽ വനിതാ കായികമേള തുടങ്ങിവച്ചത്; വ്യക്തമാക്കുമോ;

(ബി) ഗവൺമെന്റ് ഓഫ് ഇൻഡ്യ, മിനിസ്റ്ററി ഓഫ് യൂത്ത് അഫയേഴ്സ് ആന്റ് സ്പോർട്ട്സിന്റെ കീഴിലാണോ ഈ മത്സരം നടക്കുന്നത്;

(സി) ഇതിൽ സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ പങ്ക് എന്താണ്;

(ഡി) കേരളത്തിൽവച്ച് നടന്ന ഈ നാഷണൽ മേളയിൽ പങ്കെടുത്ത് വിജയിച്ച (1-ഉം, 2-ഉം, 3-ഉം സ്ഥാനങ്ങൾ നേടിയവർക്ക്) ആൾക്കാർക്ക് സർക്കാർ എന്തെങ്കിലും അവാർഡുകളോ പ്രൈസ് മണിയോ പ്രോൽസാഹനങ്ങളോ കൊടുത്തിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇവർക്ക് ക്യാഷ് അവാർഡുകൾ കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അതെ.

(ബി) അതെ.

(സി) 'സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യ' ആണ് മൽസരങ്ങൾ സംഘടിപ്പിക്കുന്നത്. മൽസരങ്ങളിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്കും ഒഫീഷ്യൽസിനും ഭക്ഷണം, യാത്രാബത്ത, വിജയികൾക്കും പങ്കെടുക്കുന്നവർക്കുമുള്ള സർട്ടിഫിക്കറ്റുകൾ, മെഡൽ, ട്രോഫി, വിജയികൾക്കുള്ള പാരിതോഷികം എന്നിവയും സായി നൽകുന്നു.

(ഡി) കേരളത്തിൽവച്ച് നടന്ന വനിതാകായികമേളയിൽ പങ്കെടുത്ത് 1, 2, 3 സ്ഥാനങ്ങൾ നേടിയവർക്ക് അവാർഡുകളോ പ്രൈസ് മണിയോ നൽകിയിട്ടില്ല. ദേശീയ മൽസരങ്ങളിൽ പങ്കെടുത്തവർക്ക് യൂണിഫോറം, സ്പോർട്സ് കിറ്റ് എന്നിവ കേരളാ സ്പോർട്സ് കൗൺസിൽ നൽകിയിട്ടുണ്ട്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ബ്ളൻഡിംഗ് യൂണിറ്റുകൾ

- സൗത്ത് ട്രാവൻകൂർ ഡിസ്റ്റില്ലറി, തിരുവനന്തപുരം
- കേരള ഡിസ്റ്റില്ലറി, എ യൂണിറ്റ് ഓഫ് ഷോ വാലസ് ഡിസ്റ്റില്ലറി, പാലക്കാട്
- കേരള ആൽക്കഹോളിക് പൊഡക്ട്സ്, പാലക്കാട്
- സെവൻസിസ് ഡിസ്റ്റില്ലറി, തിരുവനന്തപുരം
- എലൈറ്റ് ഡിസ്റ്റില്ലറി, തൃശ്ശൂർ
- അമൃത് ഡിസ്റ്റില്ലറി, പാലക്കാട്
- എംപീസ് ഡിസ്റ്റില്ലറി, പാലക്കാട്
- കെ. എസ്. ഡിസ്റ്റില്ലറി, കണ്ണൂർ

അനുബന്ധം III

[14-3-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 89 (2592) ദയവായി കാണുക]

BOYS

1. Arun Raj,
   Qurs. No: E VIII/12,
   Willingdon Island,
   Cochin—3.

2. Rajeev, M. R.,
   'Jayavihar', T.C. 50/1618,
   Metro Lane, Ayyanthole,
   Thrissur—3.

3. C. J. Balaji,
   Flat No: 507, Woodland
   Apartment,
   Jagathy—14.

LIBRARY ARCHIVES Kerala Legislative Assembly

4. Adarsh, P.,
House No. 27, Thoppil Nagar,
Kumarapuram,
Trivandrum.

5. S. Sreeraj,
Kokkode, Kowdiar P. O.,
Sreelekshmi T.C. 5/2108-1,
Trivandrum.

GIRLS

1. Ranjana, M. R.,
Jaya Vihar, 50/618,
Metro Lane,
Ayyanthole,
Thrissur.

2. Aparna D. Nair,
Sowparnika, Sastha Nagar,
Pangode, Thirumala P. O.,
Trivandrum.

3. Bindu, M. S.,
T. C. 30/105,
Kudavoor P. O,
Trivandrum.

4. Anju K. Thomas,
T. C. 11/293 (2) 3,
East Cliff Lane,
Kanakanagar,
Kaudiar,
Trivandrum.

Coach

R. Rajesh,
House No. 53, Prem Nagar,
Killippalam,
Trivandrum.

LIBRARY ARCHIVES Kerala Legislative Assembly

Manager

Jais Stephen,
Executive Engineer,
Killippalam,
Trivandrum.

Lady Manager

Leena, A.,
House No. 53,
CIT Road,
Pum Nagar,
Killippalam.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[14-3-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 107 (2610) ദയവായി കാണുക]

2004-05 വർഷത്തിൽ പുതിയ ഭവന നിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കിയതിന്റെ ജില്ല തിരിച്ചുള്ള കണക്ക്.

ക്രമ നമ്പർ	*ജില്ല*	
1	തിരുവനന്തപുരം	2747
2	കൊല്ലം	3196
3	പത്തനംതിട്ട	1602
4	ആലപ്പുഴ	1800
5	കോട്ടയം	585
6	ഇടുക്കി	680
7	എറണാകുളം	1218
8	തൃശ്ശൂർ	2628
9	പാലക്കാട്	3775
10	മലപ്പുറം	1878
11	കോഴിക്കോട്	1918
12	വയനാട്	1456
13	കണ്ണൂർ	1230
14	കാസർഗോഡ്	1046
	ആകെ	25759

2/655/2012—43.